# 'ദൈവാനുഗ്രഹം'

## ഇയ്യോബ് 42:12

**"ഇങ്ങനെ യഹോവ ഇയ്യോബിന്റെ പിൻകാലത്തെ അവന്റെ മുൻകാലത്തേക്കാൾ അധികം അനുഗ്രഹിച്ചു"**

നിഷ്കളങ്കനും, നേരുള്ളവനും, ദൈവഭക്തനും, ദോഷം വിട്ടകന്നു ജീവിക്കുന്നവനുമായ ഒരു വ്യക്തിയായിരുന്നു ഇയ്യോബ്. എന്നാൽ ദൈവത്തിന്റെ അനുവാദത്തോടെ സാത്താനാൽ പരീക്ഷിക്കപ്പെട്ട അവന് സകലവും നഷ്ടമായിപ്പോയപ്പോഴും അവൻ ദൈവത്തെ പഴിപറയുകയോ പാപത്തിൽ വീണുപോകയോ ചെയ്യാതെ അവന്റെ ഭക്തി മുറുകെ പിടിച്ചു കൊണ്ടിരുന്നു. സ്വന്തം ഭാര്യ പോലും ദൈവത്തെ തള്ളി പറഞ്ഞ് മരിക്കാൻ ആവശ്യപ്പെടുമ്പോൾ അവൻ തന്റെ ഭക്തിയിൽ ഉറച്ചു നിൽക്കുന്നു. അതിന്റെ ഫലമായി യഹോവ അവന് നഷ്ടപ്പെട്ടതെല്ലാം ഇരട്ടിയായി മടക്കി നൽകി അവനെ അധികമായി അനുഗ്രഹിച്ചു.

നമ്മുടെ ജീവിതത്തിലും പരിശോധനകൾ വരുമ്പോൾ നാമും ഇയ്യോബിനെപ്പോലെ വിശ്വാസത്തിൽ ഉറയ്ക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. അവൻ നമ്മളെ തിളങ്ങുന്ന ഒരു മുത്താക്കി പുറത്തെടുക്കുവാൻ ആഗ്രഹിക്കുമ്പോൾ അതിന്നായി സമർപ്പിച്ച് കൊടുക്കുന്ന ഒരു മനോഭാവം നമ്മിലുണ്ടാവണം. എന്റെ ദൈവം അറിയാതെ അല്ല ഒന്നും സംഭവിക്കുന്നത് എന്ന് വിശ്വസിക്കാൻ കഴിയണം. ആരൊക്കെ എന്തെല്ലാം പറഞ്ഞാലും; ദൈവത്തെ വിട്ടകലാതെ ജീവിച്ച ഇയ്യോബിനെപ്പോലെ നമ്മുടെ ജീവിതത്തെ ക്രമീകരിക്കാൻ സാധിച്ചാൽ ഇയ്യോബിന്റെ മുഖത്തെ ആദരിച്ച ദൈവം നമ്മേയും അനുഗ്രഹിക്കും. നമ്മുടെ മുൻകാലത്തേക്കാൾ പിൻകാലത്ത് ദൈവം അധികമായി അനുഗ്രഹിക്കും. അതിന്നായി അവന്റെ ബലമുള്ള ഭുജത്തിൻ കീഴിൽ നമുക്കും താണിരിക്കാം.

**പരാമർശം :**

**സങ്കീർത്തനങ്ങൾ 37:1-4**

**ദുഷ്പ്രവൃത്തിക്കാരുടെ നിമിത്തം നീ മുഷിയരുതു; നീതികേടു ചെയ്യുന്നവരോടു അസൂയപ്പെടുകയുമരുതു. അവർ പുല്ലുപോലെ വേഗത്തിൽ ഉണങ്ങി പച്ചച്ചെടിപോലെ വാടിപ്പോകുന്നു. യഹോവയിൽ ആശ്രയിച്ചു നന്മ ചെയ്ക; ദേശത്തു പാർത്തു വിശ്വസ്തത**

ആചരിക്ക. യഹോവയിൽ തന്നെ രസിച്ചുകൊൾക; അവൻ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിനക്കു തരും.

സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 026